# വാറുണ്ണിയും ഭൂതവും (കഥ)

നേരമിരുട്ടി കടപ്പുറത്ത് വന്നവരൊക്കെ തിരിച്ച് പോകാൻ തുടങ്ങി.
എന്റീശോയ......ഇന്നൊന്നും തടഞ്ഞില്ലല്ലോ...... സാധാരണ ഇവിടെ വന്നേച്ചാൽ ഒന്ന് രണ്ട് പഴ്സെങ്കിലുംകിട്ടുന്നതാ.
പക്ഷേ ഇന്ന് വല്ലാത്തൊരു ദിവസമായിപ്പോയല്ലോ
ങ്ഹാ.... ഇനി ബസ്സ്റ്റാന്റിൽ പോയി നോക്കാം എന്തെങ്കിലും കിട്ടാതിരിക്കില്ല.

 വാറുണ്ണിപുഴിമണലിൽ നിന്നെഴുന്നേറ്റു നടന്നു.
രണ്ടടി നടക്കുമ്പോഴേക്കും കാലിലെന്തോ തടഞ്ഞു. നോക്കുമ്പോൾതിളങ്ങുന്ന ത്പോലെന്തോകയ്യിലെടുത്ത് നോക്കിയപ്പോൾ ചെമ്പാണോപിച്ചളയാണോന്നറിയില്ല
അടപ്പുള്ള നല്ല ഭംഗിയുള്ളപാത്രം....ങ്ഹേ...ഇതെന്താ.....അതെടുത്ത് കുലുക്കി നോക്കി
വലുതാണെങ്കില് വിറ്റാൽ ഒരു ചായക്കുള്ള കാശെങ്കിലും കിട്ടിയേനേ
ഇതെന്നാത്തിനാ..വാറുണ്ണി
അത് പൂഴിയിലേക്ക് തന്നെ എറിഞ്ഞു.കുറച്ചു ദൂരം നടന്ന് കഴിഞ്ഞപ്പഴാ അയാളോർത്തത് ഇനി അതിനുള്ളിൽ രത്നങ്ങളോ പൊൻ നാണയങ്ങളോ മറ്റോ ആണെങ്കിലോ കുറച്ച് നാൾ മുൻപ് ചായക്കടേലെസെയ്താലിക്ക പറയുന്നത് കേട്ടു അങ്ങ് വടക്കെങ്ങാണ്ടോ നാട്ടില് ഒരു ചേട്ടായി പറമ്പില് തെങ്ങ് നടാൻ കുഴിയെടുക്കുമ്പോൾ ഒരു ചെമ്പു കുടം നിറയെ സ്വർണ്ണം കിട്ടിയത്രേ....... അതിനെക്കുറിച്ചുള്ള വാർത്തപത്രത്തിലുണ്ടായിരുന്നു പോലും..

വാറുണ്ണി പെട്ടെന്ന് തിരിച്ച് നടന്നു. ങ്ഹേ...... ഇവിടാണല്ലോ എറിഞ്ഞത് ....പക്ഷേ കാണുന്നില്ലല്ലേ ഞാനെന്തു മണ്ടനാ.....അതിനുള്ളിലെന്താണെന്ന് നോക്കീട്ട് കളഞ്ഞാൽമതിയായിരുന്നു.... അയാൾ മണ്ണിൽ മുട്ടുകുത്തിയിരുന്നു തിരഞ്ഞു. പണ്ട് രാജാക്കൻമാർ ഉപയോഗിച്ച പാത്രമാണെങ്കിലോ ചിലപ്പോൾ ബ്രിട്ടിഷുകാർ ഈ നാട്ടീന്ന് പൊന്നും പണവുമെല്ലാം കടത്തി കൊണ്ടുപോകുമ്പോൾ കടലിൽവീണതായിരിക്കും.
വാറുണ്ണിയുടെ ചിന്ത പല വഴിക്കായി...... വലിയ മീനിന്റെ വയറ്റിന്ന് സ്വർണ്ണമോതിരം കിട്ടിയ കഥ പണ്ട് സ്കൂളിൽ പഠിക്കുന്ന സമയത്ത് കൂട്ടുകാരൻ പറഞ്ഞതോർമ്മ വന്നു.
എന്നാലും അതെവിടെ പോയി.
കുറെ നേരം തിരഞ്ഞു കിട്ടിയില്ല. ഒടുവിൽ പൂഴി മണലിൽ നിന്നും എഴുന്നേറ്റു നടന്നപ്പോൾ വീണ്ടുംകാലിൽതടഞ്ഞു.
ങ്ഹേ....ആ പാത്രം തന്നെ
എന്തായാലും തുറന്ന് നോക്കാം വാറുണ്ണി ആ പാത്രവും കയ്യിൽ പിടിച്ചേച്ച് പ്രാർത്ഥിച്ചു
എന്റീശോയേ ഇതില് നിറയെ പൊന്നാണെങ്കില് രണ്ട് കൂട്
മെഴുകുതിരികത്തിച്ചേക്കാമേ.....വല്ല നിധിയുമാണെങ്കിൽ കക്കാൻ പോകാതെ സുഖായിട്ട് ജീവിക്കാലോ വാറുണ്ണി അതിന്റെ അടപ്പ് ഊരാൻ ശ്രമിച്ചു പറ്റുന്നില്ലല്ലോ...... അയാൾ താനുടുത്തിരുന്ന കൈലിയുടെ അറ്റം കൂട്ടിപ്പിടിച്ച് ഊരാൻ
നോക്കിതുറക്കാനവുന്നില്ലല്ലോ...ഒറ്റവഴിയേഉള്ളൂ.കുറച്ചകലെപാറക്കൂട്ടങ്ങളുണ്ട് അതില് മുട്ടി നോക്കിയാൽ തുറക്കാൻപറ്റുമായിരിക്കും അതിനുള്ളിൽ എന്താണെന്നറിയാൻ വാറുണ്ണിക്ക് തിടുക്കമായി.
താഴെ കിടന്ന ഒരു പാറ കഷ്ണമെടുത്ത് ശക്തിയായി അതിന്റെ അടപ്പ് നോക്കി ഇടിച്ചു.
പാത്രവും അടപ്പും വെവ്വേറെ തെറിച്ച് വീണു....

 ആ പാത്രത്തിൽ നിന്നും ചുവപ്പ് നിറത്തിലുള്ള പുക ഉയർന്നുവന്നു അത് ചെറിയൊരു കുട്ടിയുടെ രൂപം വരച്ചത് പോലായി.
ങ്ഹേ..... എന്തായിത്

അയാൾ പെട്ടെന്ന് ഭയന്ന് പിറകോട്ടു മാറി.....

പേടിക്കേണ്ട .....വാറുണ്ണി....ഞാനൊരു ഭൂതമാ ...... ഒരു പാട് വർഷമായി ഈ പാത്രത്തിൽ വീർപ്പ്മുട്ടി കഴിയുകയായിരുന്ന എന്നെ താങ്കളാണ് തുറന്ന് വിട്ടത് ... ഈയുള്ളവൻ എപ്പോഴും താങ്കളുടെ കൂടെയുണ്ടാകും.

ഭൂതമോ..... ശരിക്കും കാണാൻ പറ്റുന്നില്ലല്ലോ.... ശബ്ദം കേൾക്കാം .....

ങ്ഹേ...എന്നെ കാണാൻ പറ്റുന്നില്ലേ....നിങ്ങളൊരുപാട് തെറ്റുകൾ ചെയ്തിട്ടുണ്ടാകും അതുകൊണ്ടാ കാണാനാവാത്തത്.

ഓ..... അങ്ങനാണെങ്കിൽ ഈ നാട്ടിലാർക്കും ഭൂതത്തെ കാണാൻ കഴിയില്ലല്ലോ...

ങ്ഹേ..... അതെന്താ...എന്നെ കുപ്പിയിലാക്കണ സമയത്തൊക്കെ ഈ ഭൂമിലുള്ളവരൊക്കെ നല്ലവരായിരുന്നല്ലോ....

അത് കേട്ട് വാറുണ്ണിചിരിച്ചു കൊണ്ട് പറഞ്ഞു അതൊക്കെ പണ്ട് ഇപ്പോ കാര്യംനേരെ തിരിച്ചാ... ആയിരം മനുഷ്യരെ നോക്കിയാൽ അതിലൊന്നോ രണ്ടോ പേര് കാണുമായിരിക്കും നല്ലതെന്ന് പറയാൻ...

ഭൂതത്താനേ വിശന്നിട്ട് വയ്യായ്യേ.....ഒരു പാത്രം നിറച്ചും എനിക്ക് ബിരിയാണിതന്നേക്കാവോ.

ങ്ഹേ..... ബിരിയാണിയോ അതെന്താ സാധനം.......

ബിരിയാണിയെന്നു വെച്ചൽ നല്ല സ്വാദുള്ള ഭക്ഷണമാ...... നല്ല നേരിയ അരി നെയ്യ് ചേർത്ത് വേവിച്ച് ഉള്ളിയും തക്കാളിയും വഴറ്റി അതിലേക്ക് അണ്ടിപ്പരിപ്പും ഉണക്കമുന്തിരിയും ചേർത്ത് കോഴിയിറച്ചിയോ ആട്ടിറച്ചിയോ പോത്തിറച്ചിയോ എണ്ണയിൽ വറുത്ത് കോരിതയ്യാറാക്കുന്ന ഭക്ഷണമാ.....
എന്നും ഉച്ചയ്ക്ക് പന്ത്രണ്ട് മണിയാകുമ്പോ കവലേലുള്ള സെയ്താലിക്കേടെ ഹോട്ടലിന്റെ മുന്നിലൂടെ പോയാമതി ബിരിയാണിയുടെ മണം കേട്ടാൽ തന്നെ വായിൽ കപ്പലോടാനുള്ള വെള്ളം വരും.

അത് കേട്ടപ്പോൾ ഭൂതം പറഞ്ഞു ഞാനിതുവരെ
കണ്ടിട്ടില്ലല്ലോ....

ഭൂതത്താനേ..... നിങ്ങള് കുപ്പിയിൽ കയറിയതിന് ശേഷം ഉണ്ടായ ഭക്ഷണാഇത് ......

എനിക്ക് അതൊന്നും തരാനുള്ള ശക്തിയില്ല..ഒരു പാട് കാലങ്ങളായില്ലേ കുപ്പിക്കകത്ത് അകപെട്ടിട്ട് വാറുണ്ണി നല്ലൊരാളായിരുന്നെങ്കിൽനിങ്ങൾടെ ശരീരത്തിൽ നിന്നും ശക്തി ആവാഹിച്ചെടുത്ത് അന്തരീക്ഷത്തിൽ നിന്ന് എന്തെങ്കിലും എടുക്കാൻ പറ്റോന്ന് നോക്കായിരുന്നു.

ശ്ശെടാ.....ഇതിപ്പം എട്ടിന്റെ പണിയായി പോയല്ലോ...ന്റെ
മാതാവേ....വേലീലിരിക്കുന്നതിനെതോളേല് വെച്ചത് പോലായല്ലോ....
ആ ബസ്സ്റ്റാന്റിൽ പോയിരുന്നേല് എന്തെങ്കിലും തിന്നാനുള്ള കാശെങ്കിലും ഒത്തു വന്നേനേ.....
ങ്ഹാ ഒന്നു പോയി വരാം.....

ഞാനും വരുന്നു ഭൂതം വാറുണ്ണിയുടെ കൂടെ ചെന്നു.കുറച്ച് ദൂരം നടന്നപ്പോൾ കുറച്ചകലെ കുട്ടികൾ മദ്യം കഴിക്കുന്നത് കണ്ടത്.

ങ്ഹേ അതെന്താ അവര് ചെയ്യുന്നത്......

അത് കോളേജിൽ പഠിക്കണ പിള്ളേരാ. ഇവിടങ്ങളിൽ വീട് വാടകയ്ക്ക് എടുത്ത് താമസിക്കുന്നവരാ
ഇരുട്ടു വീഴുമ്പോ വണ്ടിയെടുത്ത് വരും എന്നിട്ട് പുലരാകുമ്പോഴാ തിരിച്ച് പോകുന്നത്.
കള്ള് മാത്രല്ല ഭൂതത്താനേ.... മയക്കുമരുന്നും കഞ്ചാവുമെല്ലാം ഉണ്ടാവും...... ഈ വാറുണ്ണിക്ക് ഭാര്യേം മക്കളൊന്നുമില്ലെങ്കിലും ഇതൊക്കെ കാണുമ്പോൾ നെഞ്ച് പൊട്ടും ഇതുങ്ങടെ അപ്പനുമമ്മയും എത്ര കഷ്ടപ്പെട്ടിട്ടായിരിക്കും പഠിപ്പിക്കാൻ വിടണതെന്ന് ചിന്തിക്കാനുള്ള ബുദ്ധിയുണ്ടോ അവറ്റകൾക്ക്
ഏതെങ്കിലും ഒന്നിന് ബോധമുണ്ടോന്ന് നോക്കിയെ......

ദ്ദേ......വാറുണ്ണി ഒരു കുട്ടി കയ്യില് സൂചി കുത്തിയിറക്കുന്നത് കണ്ടോ...അവനെന്താ അസുഖം....

നല്ലതല്ലുകൊള്ളാത്തതിന്റെസൂക്കേടാ....മയക്ക് മരുന്ന്കുത്തിവെക്കണതാ. അത് വെച്ചാൽ ആകാശത്ത് കൂടി ഒഴുകി നടക്കണത് പോലെ തോന്നുമത്രേ..... കണ്ടോ ഒരുത്തൻ പൊടി വലിച്ചു കയറ്റുന്നത് കണ്ടോ....... ഇതൊക്കെ വലിച്ചു കയറ്റുന്നത് കൊണ്ടാ ഒറ്റ ഒരുത്തനും അമ്മേം പെങ്ങളേം കണ്ടാൽ തിരിയാത്തത് ....

ബസ്സ്റ്റാന്റിലേക്ക് പോകാം ഈ ഭൂതത്തിനോട് വർത്തമാനം പറഞ്ഞ് വെറുതെ സമയം പോയി.

ഞായറാഴ്ചയായത് കൊണ്ട് അവിടെങ്ങും ആരുമില്ല. വിശന്നിട്ട് വയ്യല്ലോ.....
ഞാനും വരുന്നു ഭൂതം വാറുണ്ണിയുടെ കൂടെ നടന്നു.
ഭൂതത്തിന് ശക്തിയൊന്നുമില്ലെങ്കിൽ എന്റെ കൂടെ വരേണ്ട.

പിണങ്ങല്ലെ വാറുണ്ണി
കുറച്ച് ദിവസം ഭൂമിയിൽ കഴിഞ്ഞാൽ ഞങ്ങൾക്ക് കുറെശ്ശെയായി ശക്തി വരാൻ തുടങ്ങും പിന്നെ
എന്ത് വേണേലും തരാൻ പറ്റും. ഇപ്പം ഭക്ഷണം എവിടുണ്ടെന്ന് പറയാൻ പറ്റുമായിരിക്കും.

അങ്ങനാണെങ്കിൽ ഒരാനേനെ തിന്നേണ്ട വിശപ്പെനിക്കുണ്ട് ..... ഭൂതത്താനേ ....... എവിടെ ചെന്നാലാണ് ഭക്ഷണം കിട്ടുക....

ഒരു നിമിഷം....... ഞാൻ നോക്കട്ടെ..... ഭൂതം വാറുണ്ണിയോടായി പറഞ്ഞു. ദ്ദാ.... ഈ വളവ് തിരിയുന്നതിന്റെ അങ്ങേയറ്റത്ത് ഒരു വീട്ടിലെ അടുക്കളയിൽ ഇഷ്ടം പോലെ ഭക്ഷണം കാണുന്നുണ്ട്....

ആ വീട്ടിൽ ചെന്നാൽ കഴിക്കാൻ പറ്റ്വോ..

പറ്റും അവിടുള്ള ആളുകളെല്ലാം മുറ്റത്തിരുന്ന് ചർച്ചയിലാണ് അടുക്കള ഭാഗത്തുകൂടി പോയാൽ കഴിച്ചിട്ട് വരാൻ പറ്റും.

വാറുണ്ണി പെട്ടെന്ന് ആ വീട് ലക്ഷ്യമാക്കി നടന്നു.

ഭൂതം പറഞ്ഞത് ശരിയാ...... ചോറും കറികളും ഇഷ്ടം പോലുണ്ട്. നെയ്ച്ചോറും ചപ്പാത്തിയും പോത്തിറച്ചി വരട്ടിയതും കോഴിക്കറിയും മട്ടൻതേങ്ങാപാലൊഴിച്ചതും വയറ് നിറയെ കഴിച്ചു.

ഭക്ഷണം കഴിച്ച് തിരിച്ച് വരുമ്പോഴാ മുറ്റത്തെല്ലാവരും ഇരിക്കുന്നത് കണ്ടത്. വാറുണ്ണിക്ക് ആകാംക്ഷയായി ഇനി കല്ല ണകാര്യമാണെങ്കിലോ..... പൊന്നും പണ്ടോം ഇഷ്ടം പോലെ കാണുമായിരിയ്ക്കും അയാൾ ചെടികൾക്കിടയിലൂടെ പതുങ്ങി ചെന്നു..

അപ്പോ...... എല്ലാവരുടേം തീരുമാനം അമ്മച്ചിയെ വൃദ്ധസദനത്തിലാക്കമെന്നല്ലേ മൂത്തവൻ സണ്ണിക്കുട്ടി

കയ്യിലുള്ള കള്ള് വായിലേക്കൊഴിച്ചു കൊണ്ട് ചോദിച്ചപ്പോൾ ഏറ്റവും ഇളവൻ ജോമോൻ പറഞ്ഞു.
എന്റിച്ചായാ അതൊക്കെ പൊല്ലാപ്പാ നിങ്ങളൊക്കെ വിദേശത്തായത് കൊണ്ട് ഒന്നും ചിന്തിക്കേണ്ടല്ലോ വല്ലപ്പോഴും നാട്ടിൽ വരുമ്പോൾ അമ്മച്ചീടെ കൂടെ രണ്ടു ദിവസം താമസിച്ചാൽ കഴിഞ്ഞല്ലോ...ഞാനാണെങ്കിൽ അമ്മച്ചിയെ ചെക്കപ്പിന് കൊണ്ട് പോകാൻ പാലായിൽ നിന്നും വരുന്നത് എത്ര കഷ്ടപ്പെട്ടിട്ടാണെന്നിയ്യോ.
വൃദ്ധ സദനത്തിലാക്കിയാൽ
അമ്മേച്ചിക്ക് എന്തെങ്കിലും ചെറിയ വയ്യായ്ക വന്നാൽ അവിടുള്ളവർ ഇടയ്ക്കിടെ വിളിച്ച് ശല്യം ചെയ്യും എനിക്ക് മതിയായി സണ്ണിച്ചായാ. ഇപ്പഴാണെങ്കിൽ ജിൻസി ടെ അപ്പച്ചന്റെ മൂന്നാറിലുള്ള റിസോർട്ടിന്റെ കാര്യങ്ങളും ഞാനാ നോക്കുന്നത്. ഒരു ദിവസം ഇരുപത്തിനാല് മണിക്കൂർ പോരാതാവുകയാ....

പിന്നെ നീയെന്താ പറഞ്ഞു വരുന്നത്.. തെളിച്ച് പറ....
ജോമോനേ.....

അത് ....പിന്നെ പെട്ടെന്ന് കേൾക്കുമ്പോ എല്ലാർക്കും വിഷമം തോന്നും... എങ്കിലും ചിന്തിച്ച് നോക്കുമ്പോൾ അത് തന്നെയാ നല്ലത്.കുറെ അകലെയുള്ള ഏതെങ്കിലുമൊരു നാട്ടിൽ തിരക്കുള്ളഅമ്പലമുറ്റത്തേ പള്ളിപ്പറമ്പിലോ റെയിൽവേ സ്റ്റേഷനിലോ അമ്മച്ചിയെ കൊണ്ട് ഇരുത്തിയാൽ ആരോരുമില്ലെന്ന് കാണുമ്പോ പോലീസുകാരോ മറ്റോ വൃദ്ധ സദനത്തിൽ എത്തിക്കും.

അത് കേട്ടപ്പോൾ എല്ലാവരും മൗന സമ്മതം മൂളുന്നത് കണ്ടപ്പോൾ അകത്ത് ജനലഴി പിടിച്ച് മക്കളുടെ സംസാരം കേട്ട് കരയാൻ പോലുമാവാത്ത വിങ്ങിപ്പൊട്ടുന്ന അമ്മച്ചിയെ കണ്ട് ഭൂതത്തിന് സങ്കടം തോന്നി.

അല്ല വാറുണ്ണി ആ സ്ത്രീ അവരുടെ സ്വന്തം അമ്മച്ചിയല്ലേഎന്നിട്ടാണോ ഇങ്ങനെ പറയുന്നത് ഒരായുസ്സ് മുഴുവൻ മക്കളുടെ സന്തോഷത്തിന് വേണ്ടി ജീവിച്ചതല്ലേ ആ അമ്മ .....പൊക്കിൾക്കൊടി ബന്ധത്തിന് പോലും അർത്ഥമില്ലാതായിപ്പോയല്ലോ.. ഭൂതമായ എനിക്ക് പോലും ആ അമ്മയെ കണ്ടിട്ട് സങ്കടം തോന്നുന്നല്ലോ..... പാവം അമ്മച്ചി.

വാ.. ഭൂതത്താനേ..... നമുക്ക് പോകാം ഇക്കാലത്ത് രക്തബന്ധത്തിനൊന്നും ഒരു വിലയുമില്ല .കാശു ഇളവൻ വലിയവനാ അത് കൊണ്ട് എല്ലാവരും അതിന്റെ പിന്നാലെയുള്ള ഓട്ടത്തിലാ....

ങ്ഹേ..... അതെന്താ .....ശബ്ദം....
എനിക്ക് വയ്യ....മോനേ ആരെങ്കിലും ആ ഗുളികയൊന്നെടുത്ത് തരുമോ.... ഭവാനീ..... ഒന്ന് വരാവോ മോനേ.......

വാറുണ്ണിയും ഭൂതവും ശബ്ദം കേട്ട ആ വീട്ടിലേക്ക്ചെന്നു.

ങ്ഹേ ..... അകത്തു നിന്നാണല്ലോ കരച്ചിൽ കേൾക്കുന്നത് ....

വാറുണ്ണി മുറ്റത്തുള്ള തെങ്ങിൽ കയറി പാര പ്പറ്റിൽ കയറി ടെറസിൽ കൂടി അകത്തെത്തി. സ്വീകരണ മുറിയിൽ അമ്മയും മരുമകളും സീരിയൽ കാണുന്നതിന്റെ തിരക്കിലാണ്..മകനാണെങ്കിൽ ലാപ്ടോപ്പിൽ ആരോടോ വീഡിയോ കോൾ ചെയ്യുന്നു. ചെറിയൊരാൺകുട്ടി സോഫായിലിരുന്ന് ടാബിൽ ഗെയിം കളിക്കുന്നു. വാറുണ്ണി അകത്തു കയറിയതൊന്നും ആരും അറിഞ്ഞില്ല.
ശബ്ദം കേട്ട റൂമിലേക്ക് പോയപ്പോൾ അവിടെ നിലത്ത് ഒരാൾ വീണ് കിടക്കുന്നു. അടുത്തേക്ക് ചെന്നു അനക്കമില്ലല്ലോ.. ശ്വാസമില്ല. ജീവൻ പോയല്ലോവാറുണ്ണിഅവിടുന്നിറങ്ങി.ഛെ..... കുറച്ചു മുൻപ് അവിടെ എത്തിയിരുന്നെങ്കിൽ അയാളുടെ ജീവൻ രക്ഷിക്കാമായിരുന്നു.

എന്നാലും വാറുണ്ണി.....അത്രേം പേരുണ്ടായിട്ടും അയാള് മരിച്ചത് ആരും അറിഞ്ഞില്ലല്ലോ....

ഭൂതത്താന് ആദ്യമായിട്ട് കാണുന്നത് കൊണ്ട് തോന്നുന്നതാ.... ഇതൊക്കെ എല്ലായിടത്തും നടക്കുന്നതിതൊക്കെത്തന്നെയാ... മക്കളൊക്കെ വിദേശത്തുള്ള അച്ഛനോ അമ്മയോ ഒറ്റയ്ക്ക് താമസിക്കുന്നവരാണെങ്കിൽ മരിച്ച് ഒരാഴ്ച കഴിഞ്ഞതിന് ശേഷം നാട്ടുകാർ അറിയുന്നത്....

ഞാൻ ചോദിക്കാൻ മറന്നു.
വാറുണ്ണിക്ക് സ്വന്തക്കാരാരുമില്ലേ ...

അപ്പനെ കണ്ടോർമ്മയില്ല അമ്മച്ചി എന്നെ പ്രസവിക്കുന്നതിന് മുൻപ് തന്നെ അയാള് ഞങ്ങളെ ഉപേക്ഷിച്ചതാണത്രേ അമ്മച്ചിക്ക് രണ്ടാമതൊരു കൂട്ട് വേണമെന്ന് തോന്നിയപ്പോൾ എന്നെ വല്യമ്മച്ചീടെ കൂടെ വിട്ട് വേറൊരാൾടെ കൂടെ എങ്ങാണ്ടോ പോയി. ഞാൻ എട്ടാം ക്ലാസില് പഠിയ്ക്കുമ്പോൾ വല്യമ്മച്ചിയും കർത്താവിന്റടുക്കലേക്ക് പോയി. വാടക കൊടുക്കാതായപ്പോൾ താമസിച്ച വീട്ടിന്നിറക്കി വിട്ടു. രണ്ടു ദിവസം അലഞ്ഞ് തിരിഞ്ഞു നടന്നു.വിശപ്പ് സഹിക്കാതായപ്പോൾ ഹോട്ടലിൽ കയറി ഭക്ഷണം മോഷ്ടിച്ചു കഴിച്ചു. അന്നുമുതൽ എനിക്ക് കള്ളൻ വാറുണ്ണിയെന്ന പേര് വീണു. ഒരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത കുട്ടിക്കാലമാ എനിക്ക്.....

കുറച്ചു കൂടി നടന്നപ്പോൾ റോഡരുകിലെ മരച്ചുവട്ടിൽ ഒരു നാടോടി കുടുംബം ...... വാറുണ്ണി അവരെ കണ്ടിട്ടുണ്ട് കടപ്പുറത്ത് കളിപ്പാട്ടങ്ങളും ബലൂണുമൊക്കെ വിൽക്കുന്നവരാ അവരുടെ കൂടെയുള്ള കുഞ്ഞുങ്ങൾ റോഡ് സൈഡിലുള്ള വെയ്സ്റ്റ് കൊട്ടയിൽ നിന്നും ആളുകൾ കഴിച്ച ഭക്ഷണാവശിഷ്ടങ്ങൾ എടുത്ത് കൊണ്ടുവന്ന് കഴിക്കുന്നത് കണ്ട്
ഭൂതത്തിന് സങ്കടം തോന്നി....പാവങ്ങള്
വിശപ്പ് സഹിക്കാൻ പറ്റുന്നുണ്ടാവില്ല....
ദൂതത്താനേ ഞാനും ചെറുപ്പത്തിൽ ഹോട്ടലിന്റെ
പിന്നാമ്പുറത്ത് പോയി ആളുകള് തിന്നതിന്റെ ബാക്കി കഴിച്ചിട്ടുണ്ട്.

ങ്ഹും ഒരിടത്ത് ഒരുപാട് വിഭവങ്ങളുണ്ടാക്കി വിശപ്പ്
ആഘോഷമാക്കി മാറ്റുന്ന ചിലർ ഇവിടെ ഒരു നേരത്തെ വിശപ്പടക്കാൻ പാടുപെടുന്നവർ.
എന്തൊരു ലോകമാണിത്
അല്ലേ വാറുണ്ണി.....

ഭൂതത്താനേ ഈ ലോകത്ത്
ജീവിക്കണെങ്കില് നല്ല തൊലിക്കട്ടി വേണം. ആർക്കും ആരോടും സ്നേഹവുമില്ല സഹതാപവുമില്ല ....

റെയിൽവേ സ്റ്റേഷന്റടുത്തെത്താറായപ്പോഴുണ്ട് പൂർണ്ണ ഗർഭിണിയായ ഒരു പെൺകുട്ടി നടന്നു വരുന്നു. പതിനഞ്ചോ പതിനാറോ വയസ്സേ പ്രായമുണ്ടാവുകയുള്ളൂ....
കണ്ടിട്ട് മലയാളിയല്ല ഏതോ നാട്ടുകാരിയാണല്ലോ
വാറുണ്ണി ആ കുട്ടി ഏതാ.....

ഏതോ നാട്ടീന്ന് വന്നതാ ഈട കാണാൻ തുടങ്ങിയിട്ട് കൊറച്ച് ദിവസായല്ലോ...

ഹ്ഹോ .....ഒട്ടിയ കവിളെല്ലുകൾ പാറിപ്പറന്ന
തലമുടി വയറും കൊണ്ടതിന് നടക്കാൻ പോലുമാവുന്നില്ലല്ലോ എന്നാലും ആരാ ഈ കുട്ടിയോടിത് ചെയ്തത്.

ഇതുപോലുള്ള കുറെ കുട്ടികളുണ്ട് ഭൂതത്താനേ
അതിന്റെയൊക്കെ പിറകെ പോയാൽ അതിനേ നേരം കാണുള്ളൂ...

എന്നാലും ഇത്ര ചെറിയ കുട്ടിയെ...
ഭൂതത്താനേ നമ്മള് നേരത്തെ കടപ്പുറത്ത് കണ്ടില്ലേ അവൻമാരെ പോലുള്ളവരുടെ കയ്യിൽ പെട്ടു കാണും......

വാ..... വാറുണ്ണി നമുക്ക് കടപ്പുറത്തേക്ക് പോകാം....

എന്നാത്തിനാ.....

അതൊക്കെയുണ്ട് വാ.... വേഗം പോകാം....

കടപ്പുറത്തെത്തിയുടനെ ഭൂതം വാറുണ്ണിയോട് പറഞ്ഞു ദാ ആ പാത്രമിങ്ങെടുക്കൂ....

എന്തിന്.....

ഞാനതിൽ കയറുകയാ.......എനിക്ക്.....ഒന്നും കാണാനും വയ്യ കേൾക്കാനും വയ്യ വാറുണ്ണി അത് കൊണ്ടാ......

ങ്ഹേ.... ഭൂതമല്ലെ പറഞ്ഞത് ഒരുപാട് കൊല്ലം ഇതിനുള്ളിൽ ശ്വാസം മുട്ടിക്കഴിഞ്ഞെന്ന്.....

അതൊക്കെ ശരിയാ പക്ഷേ ...... ഇക്കൊക്കെ കണ്ട് ജീവിക്കുന്നതിലും ഭേദം ആ പാത്രത്തിനകത്ത് കഴിയുന്നതാ... ഞാൻ കയറിയാലുടൻ അതിന്റെ അടപ്പിടണം വാറുണ്ണി.....
ഭൂതം സർവ്വശക്തിയുമെടുത്ത്
പെട്ടെന്ന് തന്നെ
പുകച്ചുരുളുകളായി മാറി അതിനകത്തു കയറി .
വാറുണ്ണി മനസ്സില്ലാമനസ്സോടെ ആ പാത്രത്തിന്റെ അടപ്പ് ഇട്ട് മുറുക്കി .

ശുഭം.